18-03-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian      Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/03/2022.

1. കേരള കാർഷിക സർവകലാശാല വെള്ളാനിക്കര ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിൽ ടിഷ്യൂ കൾച്ചർ വാഴതൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9048178101, 9745884964** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. ക്ഷീരവികസന വകുപ്പ് പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെയും ക്ഷീര സഹകരണ സംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ എള്ളുവിള ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ **പെരുങ്കടവിള ബ്ലോക്ക് ക്ഷീരകർഷക സംഗമം** ഈ മാസം 22-ന് (മാർച്ച് 22) രാവിലെ 9.30 മുതൽ കുന്നത്തുകാൽ ഗൗതം ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്നു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ ഉദ്ഘാടനം ചെയ്യുന്ന ക്ഷീര സംഗമത്തോനടുബന്ധിച്ച് കന്നുകാലി പ്രദർശനം, ക്ഷീര കർഷക സംഗമം, സെമിനാർ, ഡയറി ക്വിസ്, ക്ഷീര കർഷകരെ ആദരിക്കൽ, സമ്മാനദാനം തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

3. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ 10 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481–2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) ബിൽ 2022-ന്റെ പുതിയ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഏപ്രിൽ 09 വരെ സമർപ്പിക്കാം. നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മാർച്ച് 09 വരെ നൽകിയിരുന്ന സമയപരിധിയാണ് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം ഏപ്രിൽ 09 വരെ നീട്ടിയിരിക്കുന്നത്. കരടു ബില്ലിന്റെ കോപ്പി https://commerce.gov.in എന്ന കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും http://rubberboard.gov.in എന്ന റബ്ബർ ബോർഡിന്റെയും വെബ് സൈറ്റുകളിൽ ലഭ്യമാണ്. നിർദ്ദേശങ്ങൾ സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in ഇമെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഇന്നു വരെ (മാർച്ച് 18 വരെ) പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

6. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 120 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

7. പാലക്കാട് ജില്ലയിലെ പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 21,22,23 (മാർച്ച് 21,22, 23) തീയതികളിൽ **കൂൺ കൃഷി, വിത്തുത്പാദനം, സംസ്കരണം** എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0466-2912008, 0466-2212279, 6282937809** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 22,23 (മാർച്ച് 22,23) തീയതികളിൽ രാവിലെ 10.00 മണി മുതൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സ്വീകരിച്ച സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491 – 2815454** എന്ന ഫോൺ നമ്പരിലേക്ക് വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "**ജൈവ ജീവാണു വളങ്ങൾ**" എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി മാർച്ച് 21 ന് തുടങ്ങുന്നു. ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (മാർച്ച് 20) ആണ്. 24 ദിവസം ദൈർഘ്യമുള്ള ഈ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (മാർച്ച് 20) ആണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്.. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **9497353389, 9567190858, 7559070461** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

10. വെള്ളരി വർഗ വിളകളിൽ **ബാക്റ്റീരിയൽ വിൽറ്റ് രോഗം** കണ്ടുവരുന്നുണ്ട്. ഇതു തടയുന്നതിനായി രോഗം പരത്തുന്ന വണ്ടുകൾക്കെതിരെ തടത്തിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുക. കൂടാതെ, 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിയെടുത്തു തളിച്ചു കൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ **സ്ട്രെപ്റ്റോസൈക്ലിൻ** 3 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക.

11. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടമായ ചെമ്പൻ ചെല്ലികളെ നിയന്ത്രിക്കുന്നതിന് 250 ഗ്രാം വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ **മരോട്ടിപ്പിണ്ണാക്ക്** 250 ഗ്രാം മണലുമായി ചേർത്ത് ഓലക്കവിളിൽ നിക്ഷേപിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ തെങ്ങിൻ തടിയിലെ ദ്വാരങ്ങൾ കണ്ടുപിടിച്ച് മുകളിലത്തെ ദ്വാരങ്ങൾ ഒഴികെ മറ്റെല്ലാ ദ്വാരങ്ങളും അടച്ചതിനുശേഷം മുകളിലത്തെ ദ്വാരത്തിലൂടെ **ഇമിഡാക്ലോപ്രിഡ്** തെങ്ങൊന്നിന് 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒഴിച്ചുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ